

>> ലേഖനം

# മുസ്‌ലിം ന്യൂനപക്ഷവും ഇസ്‌ലാമിക ബദലും

ശൈഖ് മുഹമ്മദ് കാരകുന്ന്

**ഇസ്‌ലാമിക വ്യവസ്ഥ സ്ഥാപിതമാകണമെങ്കിൽ രാജ്യനിവാസികളിൽ ഭൂരിപക്ഷവും മുസ്‌ലിംകളാവണമെന്നത് തെറ്റിദ്ധാരണയാണ്. മതം മാറാതെ തന്നെ വ്യവസ്ഥ മാറുമെന്നതിന് പ്രവാചകന്റെ കാലംതൊട്ടുള്ള ഇസ്‌ലാമിക ചരിത്രം സാക്ഷിയാണ്. മദീനയിൽ സ്ഥാപിതമായ പ്രഥമ ഇസ്‌ലാമിക രാഷ്ട്രത്തിൽ ഏറ്റവും വലിയ മതസമൂഹം ജൂതസമൂഹമായിരുന്നു. പിന്നെ ക്രിസ്ത്യാനികളും. മുസ്‌ലിംകൾ മൂന്നാം സ്ഥാനത്തുമായിരുന്നു. എന്നിട്ടും അന്നാട്ടുകാർ നബി തിരുമേനിയുടെ നേതൃത്വം ആഗ്രഹിച്ചു.**

**വേനൽ** അവധിക്കാലത്ത് നടന്ന ജമാഅത്തെ ഇസ്‌ലാമി ഏരിയാ സമ്മേളനങ്ങളോടനുബന്ധിച്ച് പലയിടത്തും ക്ഷണിക്കപ്പെട്ടവരുടെ യോഗം നടക്കുകയുണ്ടായി. അതിൽ ഉയർന്നുവന്ന പ്രധാന ചോദ്യങ്ങളിലൊന്ന്: 'ജമാഅത്തെ ഇസ്‌ലാമി ഏരിയാ സമ്മേളനങ്ങളിൽ ഭൗതിക ദർശനങ്ങൾക്ക് ബദലായി ദൈവിക ദർശനത്തെയാണല്ലോ അവതരിപ്പിക്കുന്നത്. ജമാഅത്ത് ദൈവിക ദർശനം എന്നു പറയുന്നത് ഇസ്‌ലാമിക വ്യവസ്ഥയെയാണ്. ഇന്ത്യയെപ്പോലെ മുസ്‌ലിംകൾ ന്യൂനപക്ഷമായ ഒരു രാജ്യത്ത് ഇസ്‌ലാമിക വ്യവസ്ഥ ബദലായി സമർപ്പിക്കുന്നത് തികഞ്ഞ വിഡ്ഢിത്തമല്ലേ?'

ഏതൊരാളും തനിക്ക് ശരിയെന്ന് ബോധ്യമുള്ളത് സ്വയം സ്വീകരിക്കാനും അത് സമൂഹത്തിന് പരിചയപ്പെടുത്താനും ബാധ്യസ്ഥനാണ്. സ്വാഭാവികമായും ഇസ്‌ലാമിനെ ജീവിതവ്യവസ്ഥയായി ഉൾക്കൊണ്ട മുസ്‌ലിം അതിനെ സമൂഹത്തിനു മുമ്പിൽ ബദലായി സമർപ്പിക്കുന്നു. ഇസ്‌ലാമിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ, ഭരണവ്യവസ്ഥയാണ് തങ്ങൾക്ക് ഏറ്റവും ഗുണകരമെന്ന് അപ്പോൾ ജനങ്ങൾക്ക് ബോധ്യമാവുകയും ചെയ്യും.

ഇസ്‌ലാമിക വ്യവസ്ഥ സ്ഥാപിതമാകണമെങ്കിൽ രാജ്യനിവാസികളിൽ ഭൂരിപക്ഷവും മുസ്‌ലിംകളാവണമെന്നത് തെറ്റിദ്ധാരണയാണ്. മതം മാറാതെ തന്നെ വ്യവസ്ഥ മാറുമെന്നതിന് പ്രവാചകന്റെ കാലംതൊട്ടുള്ള ഇസ്‌ലാമിക ചരിത്രം സാക്ഷിയാണ്. മദീനയിൽ സ്ഥാപിതമായ പ്രഥമ ഇസ്‌ലാമിക രാഷ്ട്രത്തിൽ ഏറ്റവും വലിയ മതസമൂഹം ജൂതസമൂഹമായിരുന്നു. പിന്നെ ക്രിസ്ത്യാനികളും. മുസ്‌ലിംകൾ മൂന്നാം സ്ഥാനത്തുമായിരുന്നു. എന്നിട്ടും അന്നാട്ടുകാർ നബിതിരുമേനിയുടെ നേതൃത്വം ആഗ്രഹിച്ചു. ഔസ്-ഖസ്‌റജ് ഗോത്രങ്ങൾക്കിടയിൽ തലമുറകളായി തുടർന്നുവരുന്ന സംഘട്ടനങ്ങൾക്കും ശത്രുതക്കും അറുതിവരുത്താനും, ജൂത-ക്രൈസ്തവ സമൂഹങ്ങളെ കൂട്ടിയിണക്കാനും കഴിയുക പ്രവാചകനും അദ്ദേഹത്തിന്റെ ഭരണത്തിനുമാണെന്ന് അവർ മനസ്സിലാക്കി. നബിതിരുമേനി മദീനയിലെ വിവിധ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തി ഒരു കരാറുണ്ടാക്കി. ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഒന്നാമത്തെ ഭരണഘടനയായി അത് കണക്കാക്കപ്പെടുന്നു. ജൂതന്മാരും ക്രിസ്ത്യാനികളും ബഹുദൈവാരാധകരും മുസ്‌ലിംകളും ഉൾപ്പെടുന്ന അവിടത്തെ ജനതയെ പ്രവാചകൻ വിശേഷിപ്പിച്ചത് 'ഒരൊറ്റ സമുദായം' (ഉമ്മതുൻ വാഹിദ) എന്നാണ്. യഹൂദരും ക്രിസ്ത്യാനികളും ബഹുദൈവവിശ്വാസികളുമെല്ലാം ഉൾക്കൊള്ളുന്ന ഒരു വർഗരഹിത ബഹുസ്വര രാഷ്ട്രമായിരുന്നു അത്. പ്രവാചകൻ തയാറാക്കിയ പ്രമാണമനുസരിച്ച് മുഴുവൻ മതസമൂഹങ്ങൾക്കും തുല്യ പൗരത്വവും പദവിയും അവകാശ ബാധ്യതകളുമാണുണ്ടായിരുന്നത്. എല്ലാവരുടെയും വിശ്വാസ, ആചാര, ആരാധനാ സ്വാതന്ത്ര്യം അത് വിളംബരം ചെയ്തു.

ഉമറുൽ ഫാറൂഖിന്റെ ഭരണകാലത്താണ് സിറിയ, ലബനാൻ, കിഴക്കൻ ജോർദാൻ, ഫലസ്ത്വീൻ, ഈജിപ്ത്, ലിബിയ, ഇറാഖ്, ഇറാൻ, അർമേനിയ, ജസീറ, ഖൂസിസ്താൻ, അദർബീജാൻ, കിർമാൻ, ഖുറാസാൻ തുടങ്ങിയ നാടുകൾ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭാഗമായി മാറിയത്. എന്നാൽ ഹിജ്റ നൂറാം വർഷം ഇറാനിൽ മുസ്‌ലിം ജനസംഖ്യ കേവലം അഞ്ചു ശതമാനം മാത്രമായിരുന്നു. ഇറാഖിൽ മൂന്നു ശതമാനവും സിറിയയിലും ഈജിപ്തിലും രണ്ടു ശതമാനവും സ്പെയിനിൽ ഒരു ശതമാനവുമായിരുന്നു. ഇറാൻ ജനതയുടെ 25 ശതമാനം മുസ്‌ലിംകളായത് ഹിജ്റ വർഷം 185-ൽ മാത്രമാണ്. ഇറാഖിലത് ഹിജ്റ

225-ലും സിറിയയിലും ഈജിപ്തിലും 275-ലും സ്പെയിനിൽ 295-ലുമാണ്. 50 ശതമാനമായി മുസ്‌ലിംകൾ വർധിച്ചത് ഇറാനിൽ ഹിജ്റ 235-ലും ഇറാഖിൽ 280 -ലും സിറിയയിലും ഈജിപ്തിലും 330 -ലും സ്പെയിനിൽ 355-ലുമാണ്. 75 ശതമാനമായി മാറിയത് ഇറാനിൽ ഹിജ്റ 280 -ലും ഇറാഖിൽ 320-ലും സിറിയയിലും ഈജിപ്തിലും 385-ലും സ്പെയിനിൽ 400-ലുമാണ് (*Islamic Thought in Development of Water Resources and Energy* - S. Waqar Ahamed Husaini).

മനുഷ്യസമൂഹത്തിന് വമ്പിച്ച ദുരന്തങ്ങളും ദുരിതങ്ങളും വരുത്തിവെച്ച മുതലാളിത്ത-കമ്യൂണിസ്റ്റ് വ്യവസ്ഥകളെപ്പോലെ, അക്കാലത്ത് മധ്യപൂർവദേശത്ത് ആധിപത്യം വാണിരുന്നത് റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളായിരുന്നു. തദ്ദേശീയർ ആ ഭരണകൂടങ്ങളെ കഠിനമായി വെറുത്തു. അവരുടെ ഭരണം മാറണമെന്ന് അതിയായി ആഗ്രഹിച്ചു. അതിനാലാണ് വളരെ പ്രബലരായിരുന്നിട്ടും ആളും അർഥവും ആയുധവുമൊക്കെ ഉണ്ടായിരുന്നിട്ടും റോമാ-പേർഷ്യൻ സാമ്രാജ്യങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയാതിരുന്നത്.

മുസ്‌ലിംകൾ വളരെ ചെറിയ ന്യൂനപക്ഷമായിരുന്നിട്ടും മധ്യപൂർവദേശത്ത് ഇസ്‌ലാമിക വ്യവസ്ഥയും ഭരണവും വരാൻ കാരണം തദ്ദേശീയർ റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളേക്കാൾ മുസ്‌ലിംകളെയും ഇസ്‌ലാമിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, ഭരണക്രമത്തെയും ഇഷ്ടപ്പെട്ടിരുന്നതിനാലാണ്. സിറിയൻ തലസ്ഥാനമായ ദമസ്കസ് ഇസ്‌ലാമിക ഭരണത്തിന്റെ കീഴിലായ ശേഷം സാമ്രാജ്യത്വശക്തികളുടെ കടന്നാക്രമണം പ്രതിരോധിക്കാനാവാതെ മുസ്‌ലിംകൾക്ക് പിന്മാറേണ്ടിവന്നു. അപ്പോൾ ഖാലിദുബ്നു വലീദ് ഹിംസ് നിവാസികളെയും അബൂഉബൈദ ദമസ്കസുകാരെയും മറ്റു സേനാനായകന്മാർ ഇതര നഗരവാസികളെയും ഒരുമിച്ചുകൂട്ടി. അവരോടിങ്ങനെ പറഞ്ഞു: "നിങ്ങൾക്ക് സംരക്ഷണവും സുരക്ഷിതത്വവും വാഗ്ദാനം ചെയ്താണല്ലോ ഞങ്ങൾ നിങ്ങളിൽനിന്ന് നികുതി പിരിച്ചത്. എന്നാൽ ഞങ്ങൾക്കിപ്പോൾ അത് പാലിക്കാൻ സാധിക്കാതെ വന്നിരിക്കുന്നു. ശത്രുക്കൾ ഞങ്ങൾക്കെതിരെ സൈനിക സജ്ജീകരണത്തിലാണ്. ഞങ്ങളിപ്പോൾ പോവുകയാണ്. അതിനാലിതാ നിങ്ങൾ തന്ന നികുതിപ്പണം. അത് നിങ്ങൾ തന്നെ എടുത്തുകൊള്ളുക."

**ഇസ്‌ലാമിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, ഭരണവ്യവസ്ഥയുമായി പരിചയപ്പെടാൻ സമൂഹത്തിന് അവസരം ലഭിച്ചാൽ മതം മാറാതെത്തന്നെ ജനം അതംഗീകരിക്കുമെന്നും സർവാത്മനാ സ്വാഗതം ചെയ്യുമെന്നുമാണ് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ പിറവിയും തുടർന്നുള്ള വികാസവും അസന്ദിഗ്ധമായി തെളിയിക്കുന്നത്. ഖിലാഫത്ത് വ്യവസ്ഥ അതിന്റെ തുടക്കം മുതൽ 1924-ലെ തകർച്ചവരെ മതപരവും സാംസ്കാരികവുമായ ബഹുസ്വരതയിൽ ഊട്ടിയുറപ്പിക്കപ്പെട്ടതായിരുന്നു.**

ഇതു കേട്ട് ആശ്ചര്യപ്പെട്ടും അസ്വസ്ഥപ്പെട്ടും നഗരവാസികൾ പറഞ്ഞു: "നിങ്ങൾ തിരിച്ചുവരാൻ ദൈവം തുണക്കട്ടെ. അവൻ നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം സാക്ഷി; നിങ്ങളുടെ ഭരണമാണ് റോമക്കാരുടെ ഭരണത്തേക്കാൾ ഞങ്ങൾക്കിഷ്ടം. നിങ്ങളുടെ സ്ഥാനത്ത് അവരായിരുന്നുവെങ്കിൽ അവർ പിരിച്ചെടുത്ത ഒന്നും തന്നെ മടക്കിത്തരുമായിരുന്നില്ല. എന്നല്ല; കിട്ടാവുന്നേടത്തോളം തട്ടിയെടുത്ത് അവർ കൂടെ കൊണ്ടുപോവുകയും ചെയ്യുമായിരുന്നു."

യർമൂക് യുദ്ധഘട്ടത്തിൽ മുസ്‌ലിംകൾ സിറിയയുടെ വിവിധ ഭാഗങ്ങളിൽനിന്ന് പിൻവാങ്ങിയപ്പോൾ തദ്ദേശവാസികൾ, 'കർത്താവ് ഇനിയും നിങ്ങളെ ഇവിടേക്ക് എത്തിക്കട്ടെ'യെന്ന് പ്രാർഥിച്ചിരുന്നു. തങ്ങളുടെ നാട്ടിൽ സീസറെ കാലുകുത്താൻ അനുവദിക്കില്ലെന്ന് ജൂതന്മാർ ബൈബിൾ പഴയ നിയമം കൈയിൽ പിടിച്ച് ശപഥമെടുക്കുകയും ചെയ്തു.

സർ തോമസ് ആർണൾഡ് എഴുതുന്നു: "ഹിജ്റ പതിമൂന്നാമാണ്ടിലെ ജസർ യുദ്ധത്തിൽ പരിഭ്രാന്തരായ അറബികൾക്ക് പരാജയം ആസന്നമായിരിക്കെ ത്വയ്യിഅ് ഗോത്രത്തിലെ ക്രൈസ്തവ നേതാവ് അറബ് സൈനിക മേധാവി മുഥന്നയെ സഹായിച്ചു. തോണികൾ കൊണ്ടുണ്ടാക്കിയ പാലം സംരക്ഷിക്കുകയും അങ്ങനെ ചിട്ടയോടെ പിൻമാറാൻ അറബ് സൈന്യത്തെ സഹായിച്ചതും അദ്ദേഹമാണ്. പിന്മാറ്റമുണ്ടാക്കിയ അപമാനം മായ്ച്ചുകളയാൻ പുതിയ സൈന്യത്തെ സംഘടിപ്പിച്ചപ്പോൾ അതിൽ പ്രമുഖർ ക്രൈസ്തവരായ നമിർ ഗോത്രക്കാരായിരുന്നു. അതേ വർഷം ബുവൈബ് യുദ്ധത്തിൽ നിർണായകമായ പോരാട്ടത്തിനു തൊട്ടുമുമ്പ് മുഥന്ന, നമിർ ഗോത്രത്തലവനെ സമീപിച്ചു പറഞ്ഞു: 'നാം ഒരേ രക്തമാണ്. അതിനാൽ വരൂ നമുക്കൊന്നായി പൊരുതാം.' ഇരു കൂട്ടരുടെയും ശൗര്യം നിറഞ്ഞ ആക്രമണത്തിനു മുമ്പിൽ പേർഷ്യക്കാർ പിന്തിരിഞ്ഞു. ആ ദിവസത്തെ ഏറ്റവും വലിയ ധീരകൃത്യം മറ്റൊരു ക്രൈസ്തവ ഗോത്രത്തിൽ പെട്ട ഒരു യുവാവിന് അവകാശപ്പെട്ടതാണ്. അറബ് സൈന്യം പോരാട്ടത്തിന് അണിയൊപ്പിക്കുന്നതിനു തൊട്ടുമുമ്പാണ് അയാൾ ഒരുപറ്റം ഗ്രാമീണ വണിക്കുകളോടൊപ്പം അവിടെ എത്തിയത്. എല്ലാവരും പോരാട്ടത്തിൽ പങ്കാളികളാവുകയും ചെയ്തു" (*ഇസ്‌ലാം: പ്രബോധനവും പ്രചാരണവും*, പേജ് 60,61).

ഫലസ്ത്വീനിലെ ക്രൈസ്തവ പുരോഹിതന്മാർ ഖലീഫാ ഉമറുൽ ഫാറൂഖിനെ ക്ഷണിച്ചുവരുത്തി കരാറിലേർപ്പെടുകയായിരുന്നു. പാത്രിയാർക്കിസ് സ്വഫർ നിയൂസിന്റെ ദൂതന്മാരാണ് കരാർ പത്രത്തിൽ ഒപ്പുവെച്ചത്. ഹിറാക്ലിയസിന്റെ മർദക ഭരണത്തിനു പകരം സ്വാതന്ത്ര്യമനുവദിക്കുന്ന ഇസ്‌ലാമിക ഭരണമാണ് അവർ ആഗ്രഹിച്ചത്. ഫലസ്ത്വീനിലെത്തിയ ഉമറിന് കോപ്റ്റിക് പുരോഹിതനും മഠാധിപതിയുമായ യഅ്ഖൂബ് വസ്ത്രവും കുതിരയും സമ്മാനമായി നൽകി. അദ്ദേഹത്തിന്റെ ഭാര്യ മാരിയ തുന്നിയുണ്ടാക്കിയതായിരുന്നു വസ്ത്രം. വിലപിടിപ്പുള്ള മുന്തിയ വസ്ത്രമായിരുന്നതിനാൽ ഖലീഫ സന്തോഷപൂർവം അത് നിരസിക്കുകയാണുണ്ടായത്.

ബൈത്തുൽ മഖ്ദിസിലെത്തിയ ഖലീഫാ ഉമറിനെ പാത്രിയാർക്കിസ് സ്വഫർ നിയൂസും മറ്റു നഗര പ്രമുഖരും സ്വാഗതം ചെയ്ത് സ്നേഹാദരപൂർവം സ്വീകരിച്ചു. ബൈത്തുൽ മഖ്ദിസിന്റെ താക്കോൽ നൽകി സ്വഫർ നിയൂസ് പറഞ്ഞു: 'ഇത് ഏറ്റുവാങ്ങുന്ന വ്യക്തിയെക്കുറിച്ച് ഞങ്ങൾക്ക് നേരത്തെ തന്നെ അറിയാമായിരുന്നു'. തുടർന്ന് അവർ ഹൃദ്യമായ ഭാഷയിൽ ധാരാളം സംസാരിച്ചു. കൃത്യമായ നീതിയുടെയും ഉയർന്ന

സഹിഷ്ണുതയുടെയും മഹത്തായ സ്വഭാവ മഹിമയുടെയും ഉടമയായ ഉമറിന്റെ കരങ്ങളിൽ തങ്ങളുടെ നാടിന്റെ നായകത്വം അർപ്പിക്കപ്പെട്ടതിൽ അവർ അതിയായി സന്തോഷിക്കുകയായിരുന്നു. മധ്യാഹ്ന നമസ്കാരത്തിന് സമയമായപ്പോൾ തങ്ങളുടെ ചർച്ചിൽ വെച്ചുതന്നെ നമസ്കാരമാകാമെന്ന് ചർച്ച് മേധാവികൾ പറഞ്ഞു. പക്ഷേ, ഖലീഫാ ഉമർ അതംഗീകരിച്ചില്ല. താനിപ്പോൾ അവിടെ നമസ്കരിച്ചാൽ പിൽക്കാലത്ത് മുസ്‌ലിംകൾ ചർച്ചിന്റെ പേരിൽ അവകാശവാദം ഉന്നയിച്ചേക്കുമോ എന്ന് അദ്ദേഹം ഭയന്നു. അതിനാൽ ചർച്ചിനു പുറത്തുള്ള ഒരിടത്ത് വസ്ത്രം വിരിച്ച് നമസ്കരിക്കുകയാണുണ്ടായത്. അവിടെ നിർമിക്കപ്പെട്ട പള്ളിയാണ് മസ്ജിദ് ഉമർ എന്ന പേരിലറിയപ്പെടുന്നത്.

ഇസ്‌ലാമിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, ഭരണവ്യവസ്ഥയുമായി പരിചയപ്പെടാൻ സമൂഹത്തിന് അവസരം ലഭിച്ചാൽ മതം മാറാതെത്തന്നെ ജനം അതംഗീകരിക്കുമെന്നും സർവാത്മനാ സ്വാഗതം ചെയ്യുമെന്നുമാണ് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ പിറവിയും തുടർന്നുള്ള വികാസവും അസന്ദിഗ്ധമായി തെളിയിക്കുന്നത്. ഖിലാഫത്ത് വ്യവസ്ഥ അതിന്റെ തുടക്കം മുതൽ 1924-ലെ തകർച്ചവരെ മതപരവും സാംസ്കാരികവുമായ ബഹുസ്വരതയിൽ ഊട്ടിയുറപ്പിക്കപ്പെട്ടതായിരുന്നു.

### ജനാധിപത്യ സംവിധാനം

ഇസ്‌ലാം മുന്നോട്ടുവെക്കുന്ന പൊതുമൂല്യങ്ങൾ ഏതു മതവിശ്വാസിക്കും മതമില്ലാത്തവർക്കും സ്വീകാര്യമായിരിക്കും. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ, ഭരണമേഖലകളിൽ അത് സമർപ്പിക്കുന്ന മൗലിക നിയമങ്ങളും മാർഗനിർദേശങ്ങളും രാജ്യത്ത് സമാധാനവും ക്ഷേമവും ഐശ്വര്യവും ഉറപ്പുവരുത്താൻ പോന്നവയാണ്. അവയുമായി യഥാവിധി പരിചയപ്പെടാനവസരം ലഭിച്ചാൽ സാമൂഹിക പ്രതിബദ്ധതയും രാജ്യസ്നേഹവുമുള്ള ആരും അതിനെ നിരാകരിക്കുകയില്ല. അവ സാമൂഹികനീതി ഉറപ്പുവരുത്തുകയും സാമ്പത്തിക ചൂഷണങ്ങൾക്ക് അറുതി വരുത്തുകയും സാംസ്കാരിക ജീർണതകളിൽനിന്ന് രാജ്യത്തെയും സമൂഹത്തെയും മോചിപ്പിക്കുകയും ചെയ്യുന്നു. രാഷ്ട്രീയത്തെ അഴിമതിമുക്തവും ഭരണത്തെ ജനക്ഷേമകരവുമാക്കുന്നു. ഇസ്‌ലാമിന്റെ സാമൂഹിക വ്യവസ്ഥയെ ശരിയാംവിധം മനസ്സിലാക്കാൻ അവസരം ലഭിച്ച വ്യത്യസ്ത മതവിശ്വാസികളും മതമില്ലാത്തവരും അതിനെ ഇഷ്ടപ്പെടാനുള്ള കാരണവും അതുതന്നെ.

ഇസ്‌ലാം മുന്നോട്ടുവെക്കുന്ന വ്യവസ്ഥാ മാറ്റം, മതം മാറ്റത്തിലൂടെയാണെന്ന തെറ്റിദ്ധാരണ നിർബന്ധമായും തിരുത്തപ്പെടണം. പ്രവാചകനാൽ സ്ഥാപിതമായ ഇസ്‌ലാമിക രാഷ്ട്രം വികസിതമായതോടെ അതിൽ മുസ്‌ലിംകൾ ഭൂരിപക്ഷമായത് ഹിജ്റ നാലാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ മാത്രമാണെന്ന വസ്തുത വിസ്മരിക്കാവതല്ല. ഭരണകൂടമോ സമുദായമോ ഇസ്‌ലാംസ്വീകരണത്തിന് ആരുടെ മേലും സമ്മർദമോ നിർബന്ധമോ ചെലുത്തിയിരുന്നില്ലെന്നതാണിതിനു കാരണം. ഇസ്‌ലാം അതനുവദിക്കുന്നില്ലെന്നു മാത്രല്ല; കർശനമായി വിലക്കുകയും ചെയ്യുന്നു (ഖുർആൻ 2:256, 5:92, 10:99, 16:35, 18:29, 42:48, 88:21,22). പിന്നീട് ഇസ്‌ലാമികാദർശത്തിൽ ജനം ക്രമേണ ആകൃഷ്ടരായാണ് അവിടങ്ങളിൽ ഭൂരിഭാഗവും മുസ്‌ലിംകളായി മാറിയത്. അതിനാൽ ഇസ്‌ലാമിക വ്യവസ്ഥ വിശ്വാസ വൈജാത്യങ്ങൾക്കതീതമായി നന്മയിൽ തൽപരരായ ഏതൊരാൾക്കും അംഗീകരിക്കാവുന്ന മൂല്യങ്ങളിലധിഷ്ഠിതമായ ക്ഷേമരാഷ്ട്രമാണ് ലക്ഷ്യം വെക്കുന്നത്. അതിൽ മുസ്‌ലിം, ഹൈന്ദവ, ക്രൈസ്തവ, ബുദ്ധ, സിക്ക്, പാഴ്സി സമൂഹങ്ങൾക്കെല്ലാം ഒരു സെക്യുലർ സമൂഹത്തിലുള്ളതിനേക്കാൾ മത, വിശ്വാസ, ആരാധനാ, ആചാര, അനുഷ്ഠാന, വ്യക്തി സ്വാതന്ത്ര്യമുണ്ടായിരിക്കും. മതമില്ലാത്തവർക്കും അവരുടെ രീതികൾ പിന്തുടരാൻ പ്രയാസമുണ്ടാവുകയില്ല. രാഷ്ട്രം അതിൽ ഇടപെടുകയില്ല.

അനിഷേധ്യമായ ഈ വസ്തുതകളുടെ വെളിച്ചത്തിൽ ഇന്ത്യയെപ്പോലുള്ള ഒരു ബഹുസ്വര-ജനാധിപത്യ രാജ്യത്ത് ഇസ്‌ലാമിക സമൂഹത്തിന്റെ പൊതു പങ്കാളിത്തം എങ്ങനെയായിരിക്കണമെന്നത് സൂക്ഷ്മമായ പഠനവും പരിശോധനയും ആവശ്യപ്പെടുന്നു. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിൽ ഇസ്‌ലാം മുന്നോട്ടുവെക്കുന്ന മൂല്യങ്ങളും നിയമനിർദേശങ്ങളും ജനങ്ങളെ പരിചയപ്പെടുത്തേണ്ടതുണ്ട്. വേണ്ടരീതിയിൽ ഇസ്‌ലാമിനെ സമർപ്പിക്കാനായാൽ സർവ സ്വീകാര്യമായ മാനവികമൂല്യങ്ങളും നിയമ-നിർദേശങ്ങളുമാണ് അത് മുന്നോട്ട് വെക്കുന്നതെന്ന് ജനത്തിന് ബോധ്യമാകും. ജാതി, മത, വിശ്വാസ, വീക്ഷണ വൈജാത്യങ്ങൾക്കതീതമായി പൊതു മാനവിക മൂല്യങ്ങളിൽ സഹകരിക്കാൻ സന്നദ്ധരാവുന്ന എല്ലാവരെയും ഈ മഹാ യജ്ഞത്തിൽ പങ്കാളികളാക്കാൻ കഴിയണം. മുസ്‌ലിംകൾ തങ്ങളുടെ മാത്രം താൽപര്യങ്ങൾ ശ്രദ്ധിക്കാനും സംരക്ഷിക്കാനും നിയോഗിതരായവരല്ലെന്നും, മുഴുവൻ ജനങ്ങളുടെയും നന്മക്കും ക്ഷേമ-ഐശ്വര്യങ്ങൾക്കുമായി പണിയെടുക്കേണ്ടവരാണെന്നുമുള്ള ഉദാത്ത നിലപാടാണ് ഖുർആൻ ഉയർത്തിപ്പിടിക്കുന്നത്. അതിനാൽ ആദർശ പ്രബോധനത്തോടൊപ്പം പൊതുജീവിതത്തിന്റെയും ഭരണവ്യവസ്ഥയുടെയും മൂല്യവത്കരണത്തിന് ജനാധിപത്യ ഘടന അനുവദിക്കുന്ന എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. കമ്യൂണിസം ചരിത്രത്തിന്റെ ഭാഗമായി മാറുകയും മുതലാളിത്തം അതിന്റെ ഭീകരമായ മനുഷ്യവിരുദ്ധമുഖം പുറത്തെടുക്കുകയും ചെയ്ത സമകാലിക സാഹചര്യത്തിൽ, ഇസ്‌ലാമിക വ്യവസ്ഥയെ ബദലായി സമൂഹത്തിന് പരിചയപ്പെടുത്താൻ ഓരോ വിശ്വാസിയും ബാധ്യസ്ഥനാണ്. ■